ശ്രീ. ആർ. ശങ്കർ : വിവാഹം കഴിഞ്ഞിട്ടില്ലാത്ത സഹോദരിമാർ, സഹോദരന്മാർ, കുട്ടികൾ.

ശ്രീ. എം. എം. മത്തായി : പട്ടാളത്തിൽപോയി, യുദ്ധത്തിൽ മരിക്കുന്ന ജവാന്മാരുടെ കുട്ടികൾക്ക് ഹോസ്റ്റലിൽ താമസിച്ചു പഠിക്കാൻ നിവൃത്തിയില്ലാത്ത ഒരു സാഹചര്യം ഉണ്ടാകുന്നുണ്ട്. ഹോസ്റ്റലിൽ താമസിക്കുന്നതിനു പ്രത്യേകം ആനുകൂല്യം വല്ലതും നൽകുമോ ?

ശ്രീ. ആർ. ശങ്കർ : ഹോസ്റ്റൽ ഫീസിൽ സൗജന്യം നൽകുന്നതിനു ഇപ്പോൾ വ്യവസ്ഥയില്ല. മറ്റു സൗജന്യങ്ങൾ ഉണ്ട്. അതിനും പുറമേ, യുദ്ധരംഗത്തുവച്ചു മരിച്ചുപോകുന്ന ജവാന്മാർക്ക് ലംപ്സമായിട്ട് ഒരു ധനസഹായം ചെയ്യാനുള്ള വ്യവസ്ഥയുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ ആ കാര്യത്തിലേയ്ക്ക് ക്ഷണിച്ചുകൊള്ളുന്നു.

സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയന്റെ മെമ്മോറാണ്ടം

* 529. [13] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ജീവനക്കാരുടെ അവശതകളെ സംബന്ധിച്ച് സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയന്റെ മെമ്മോറാണ്ടം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ലഭിച്ചിട്ടുണ്ട്.

(ബി) മെമ്മോറാണ്ടത്തിൽ പറയുന്ന നിവേദനങ്ങൾ ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു. തീരുമാനമെടുക്കുന്നതിനു് ഒട്ടും കാലതാമസം ഉണ്ടാകുകയില്ല.

ശ്രീ. പി.ആർ. ഫ്രാൻസിസ് : മെമ്മോറാണ്ടം സമർപ്പിച്ചിട്ട് ഒരുമാസം കഴിഞ്ഞിട്ടും അതിന്മേൽ അവസാനതീരുമാനം എടുക്കാൻ കാലതാമസം നേരിടുന്നതെന്താണ് ?

ശ്രീ. കെ. ടി. അച്യുതൻ : ഇതു് ഒരു ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റ് ആയതുകൊണ്ട്, കൗൺസിൽ ആഫ് മിനിസ്റ്റേഴ്സുവേണം ഒരു അവസാന തീരുമാനം എടുക്കാൻ.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : അവരുടെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ; എന്തെല്ലാം ഗവണ്മെന്റ് അനുവദിച്ചിട്ടുണ്ട് ?

ശ്രീ. കെ. ടി. അച്യുതൻ: അവസാനതീരുമാനം ഇതുവരെ എടുത്തിട്ടില്ല ഡിമാൻഡുകൾ വളരെയുണ്ട്. മുപ്പതോളം ഡിമാൻഡുകളാണുള്ളതു്. ശമ്പളം കൂട്ടുന്നകാര്യത്തിലും. സപ്ലീസിനെ സംബന്ധിച്ചും ഡിമാൻഡുകൾ ഉണ്ട്. ദിവസശമ്പളവ്യവസ്ഥമാറ്റി കൺടക്റ്റേഴ്സിനെയും, ഡ്രൈവർമാരേയും സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അതു് ഗവണ്മെന്റ് അനുഭാവപൂർവ്വം പരിഗണിച്ചുവരികയാണ്.

ശ്രീ. പി. രവീന്ദ്രൻ : സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയന്റെ മെമ്മോറാണ്ടത്തെപ്പറ്റിയാണ് ഇപ്പോൾ പറഞ്ഞതു്. ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ ; അതിന്റെ അടിസ്ഥാനത്തിൽ വല്ല കോൺഫറൻസും നടത്തിയോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെയൊരു മെമ്മോറാണ്ടം കിട്ടിയിട്ടുണ്ട്; അതിനും പുറമേ ഡ്രൈവേഴ്സിന്റെ വേറൊരു യൂണിയനുണ്ട്, അവരുടെ മെമ്മോറാണ്ടവും അടുത്തുതന്നെ കിട്ടാനിടയുണ്ട്.

ശ്രീ. എം. എം. സുന്ദരം : ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ ഒരു സമരം നടത്തിയിരുന്നല്ലോ ഏതടിസ്ഥാനത്തിലാണ് പിൻവലിച്ചത് ?

ശ്രീ. കെ. ടി. അച്യുതൻ : പിൻവലിച്ചതിന്റെ കാരണം യൂണിയൻ കാരോട് ചോദിക്കണം. അതിനെ സംബന്ധിച്ച നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സമരം പിൻവലിച്ചതായിരിക്കും.

ശ്രീ. കെ. ഹസ്സൻഗനി : ട്രാൻസ്പോർട്ട് ജീവനക്കാരെ സംബന്ധിച്ച ചില കാര്യങ്ങൾ പി. എസ്. സി. ക്കുപോകേണ്ടതുണ്ട് ഒഴികെയുള്ള കാര്യങ്ങൾ നടപ്പാക്കാൻ എന്താണ് കാലതാമസത്തിനു കാരണം ?

ശ്രീ. കെ. ടി. അച്യുതൻ : ഫിനാൻസ് ഡിപ്പാർട്ടുമെന്റുമായിട്ട് ചർച്ചനടത്തേണ്ട കാര്യമാണിതു്. എന്തെല്ലാം സാമ്പത്തികബാധ്യത ഉണ്ടാകും ; ആണ്ടതോറും എത്രമാത്രം സാമ്പത്തികബാധ്യതവരും, ഓരോ കൊല്ലവും എത്രമാത്രം സാമ്പത്തികഭാരം ഉണ്ടാകും എന്നുംമറ്റുമുള്ള കാര്യങ്ങൾ വേണ്ടപോലെ പരിശോധിച്ചതിനുശേഷമേ ഒരു അവസാനതീരുമാനം എടുക്കാൻ സാധിക്കുള്ളു. ഒരു ഗവണ്മെന്റു ഡിപ്പാർട്ടുമെന്റു് എന്ന നിലയ്ക്കു് അതെല്ലാം പരിശോധിച്ചതിനുശേഷമേ അവസാന തീരുമാനം എടുക്കാൻ പറ്റുകയുള്ളു.

ശ്രീ.പി.എസ്.ശ്രീനിവാസൻ : ഐ. എൻ. ടി. യു. സി. ട്രാൻസ്പോർട്ട് സമരം പിൻവലിക്കുന്നതിനു് ഗവണ്മെന്റു് എന്തെങ്കിലും ഉറപ്പു കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ഉറപ്പു കൊടുത്തിട്ടില്ല. അതു സംബന്ധിച്ച ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു അവസാന തീരുമാനം ഉണ്ടാകുമെന്നുള്ള വിശ്വാസത്തിൽ പിൻവലിച്ചതായിരിക്കും.

School going children

* 530. [14] **Shri M. M. Mathai :** Will the Chief Minister be pleased to state :

(a) what is the total number of school going children in this school year ; and

(b) what is their number in Primary, Upper Primary and Higher Secondary classes ?

Chief Minister (**Shri R. Sankar**) :

(a) The total number of school going children during the current academic year is 37,68,200

(b)	Number of pupils in Lower Primary Schools	22,14,821
	Number of pupils in Upper Primary Schools	9,88,377
	Number of pupils in High Schools	5,65,602

There are no Higher Secondary Classes at present.

ശ്രീ. എം. എം. മത്തായി : കഴിഞ്ഞവർഷത്തേക്കാൾ എത്ര ശതമാനം കൂടുതൽ കുട്ടികൾ അടുത്തവർഷം ചേരാൻ ഇടയുണ്ടെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly